(ബി) കയർ വ്യവസായ സഹകരണ സംഘങ്ങളെ തകർച്ചയിൽനിന്ന് സംരക്ഷിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(സി) കയർ ഡയറക്ടറേറ്റിൽനിന്നും അനുവദിച്ച ഗ്രാന്റും സബ്സിഡിയും പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയാത്ത സഹകരണ സംഘങ്ങൾക്ക് അത് വിനിയോഗിക്കുവാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പീഡിതവും നിഷ്ക്രിയവുമായ കയർ വ്യവസായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് 2003-04 സാമ്പത്തികവർഷത്തിൽ 49.99 ലക്ഷം രൂപയും 2004-05-ൽ 75 ലക്ഷം രൂപയും സഹായധനമായി നൽകിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കിവരുന്നു. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി വൈവിദ്ധ്യവും ഗുണമേന്മയുള്ളതുമായ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുവാനും കോമൺഫെസിലിറ്റി സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുവാനും കയറുൽപ്പാദക സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് 25 ശതമാനം മാർജിൻ മണി വായ്പ നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരവും സംഘങ്ങൾക്ക് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. കയർ വ്യവസായത്തിൽ സഹകരണവൽക്കരണ പദ്ധതിയും മഹിള കയർ യോജന പദ്ധതിയും ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്നു.

(സി) സംഘങ്ങളിൽനിന്നും വിനിയോഗ കാലാവധി ദീർഘിപ്പിക്കുന്ന അപേക്ഷ തരുന്നമുറയ്ക്ക് നിയമപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകിവരുന്നുണ്ട്.

കയർഫെഡ് നൽകാനുള്ള തുക

97 [430] ശ്രീ. വർക്കല കഹാർ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ എഴുകോൺ നാരായണൻ:
„ കെ. സി. ജോസഫ്:
„ എം. പി. ഗംഗാധരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കയർ സഹകരണ സംഘങ്ങളിൽനിന്നും കയർ വാങ്ങിയ വകയിൽ കയർഫെഡ് എന്തു തുക കൊടുത്തു തീർക്കുവാനുണ്ടായിരുന്നു;

(ബി) ഈ തുക കൊടുത്തു തീർത്തുവോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ കയർഫെഡ് കയർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വില എത്ര കാലത്തിനുള്ളിൽ കൊടുത്തുതീർക്കാൻ കഴിയുന്നുണ്ട്;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് കയർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വില കൊടുക്കുവാൻ എന്തു കാലതാമസം വരുമായിരുന്നു?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കയർ സഹകരണ സംഘങ്ങളിൽനിന്നും കയർ വാങ്ങിയ വകയിൽ കയർഫെഡ് 10 ലക്ഷം രൂപ കൊടുത്തുതീർക്കുവാനുണ്ടായിരുന്നു.

(ബി) ഈ തുക മുഴുവൻ കൊടുത്തുതീർത്തിട്ടുണ്ട്.

(സി) ഇപ്പോൾ കയർഫെഡ് ഡിസ്ട്രസ് പർച്ചേസ് പദ്ധതിയിൽ കയർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വില 48 മണിക്കൂറിനകം കൊടുത്തു തീർക്കുന്നുണ്ട്.

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് കയർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വില കൊടുക്കുവാൻ ഉദ്ദേശം ഒരാഴ്ചത്തെ കാലതാമസം വരുമായിരുന്നു.

വനസംരക്ഷണ സമിതികൾ

98 [431] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വനസംരക്ഷണ സമിതികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം ഫോറസ്റ്റ് റേഞ്ചിന്റെ കീഴിലാണ് വനസംരക്ഷണ സമിതികൾ ഉള്ളതെന്ന് റേഞ്ച് തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004 മാർച്ച് മാസം വരെ 213 വനസംരക്ഷണ സമിതികൾ പ്രവർത്തനക്ഷമമായിട്ടുണ്ട്.

(ബി) ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ്, കൊട്ടിയൂർ, കണ്ണവം എന്നീ മൂന്നു റേഞ്ചുകളുടെ കീഴിലാണ് വനസംരക്ഷണ സമിതികൾ ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly